## കൃഷിയെ സ്നേഹിക്കുന്നവരേ, സി.പി.സി.ആർ.ഐ. വിളിക്കുന്നു

# കാണാം കാർഷികമേള

മാറിയ കാലത്തിനനുസരിച്ച് സാങ്കേതികവിദ്യ കർഷകരിലേക്ക് എത്തിക്കാനും പൊതുസമൂഹത്തെ അറിയിക്കലുമാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. വിളപരിപാലനം, മൃഗസംരക്ഷണം തുടങ്ങി കർഷകർക്ക് ഉപകാരപ്പെടുന്ന ക്ലാസുകളും മണ്ണ്-ജലസംരക്ഷണത്തിന്റെ പ്രാധാന്യവും ബോധവത്കരണവും വിവിധ ദിവസങ്ങളിലായി നടക്കുന്ന സെമിനാറുകൾ ലക്ഷ്യം വെക്കുന്നു. പരിപാടിയുടെ ഭാഗമായി എട്ടിന് നടക്കുന്ന കർഷക-ശാസ്ത്രജ്ഞ മുഖാമുഖത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ നേരിട്ട് ചോദിച്ച് മനസ്സിലാക്കാനും അവസരമൊരുക്കുന്നുണ്ട്.

**ഡോ. സി.തമ്പാൻ**
(സ്വാഗതസംഘം കൺവീനർ,
പ്രിൻസിപ്പൽ സയന്റിസ്റ്റ്
സി.പി.സി.ആർ.ഐ.)

എം.ഷമീർ
shameer.mg@gmail.com

കുറച്ചുകാലമായി കേരകർഷകർക്ക് കഷ്ടകാലമാണ്. വെള്ളീച്ചയുടെ ആക്രമണവും വിവിധ രോഗങ്ങളും ബാധിച്ച തെങ്ങുകളാണ് കർഷകരുടെ രോദനങ്ങൾക്കു കാരണം. തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, കാലങ്ങളായി മണ്ഡരിയടക്കമുള്ള പലവിധ രോഗങ്ങളും കർഷകരുടെ കണ്ണീരിനു കാരണമായിട്ടുണ്ട്. ഇവയെല്ലാം തരണം ചെയ്തത് ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ പുതിയ മരുന്നുകളും കീടനാശിനികളും ഉപയോഗിച്ചാണ്.

ഈ മേഖലയിൽ കർഷകർക്ക് ആശ്വാസമാവുന്ന പലവിധ കണ്ടുപിടിത്തങ്ങൾക്കും പുതിയതരം സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിലും നിർണായകപങ്ക് വഹിച്ച കേന്ദ്രസർക്കാർ സ്ഥാപനമാണ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (സി.പി.സി.ആർ.ഐ.). ഇതിന്റെ സ്ഥാപകദിനാഘോഷവും കാസർകോട് കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ രജതജൂബിലിയും ആഘോഷവും വെള്ളിയാഴ്ച മുതൽ പത്താം തീയതി വരെ സി.പി.സി.ആർ.ഐ.യിൽ നടക്കുകയാണ്. ആഘോഷങ്ങളുടെ ഭാഗമായി കാർഷികപ്രദർശനവും കാർഷികമേളയും സെമിനാറുകളും നടക്കുന്നുണ്ട്. കൃഷിയെങ്ങനെ ആദായകരമാക്കാം, രോഗങ്ങളെ എങ്ങനെ തടയാം, മണ്ണും ജലവും ആരോഗ്യകരമായി എങ്ങനെ സംരക്ഷിക്കാം തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ആറുദിവസങ്ങളിലായി വിദഗ്ധർ നയിക്കുന്ന ക്ലാസിൽ ചർച്ചചെയ്യുന്നത്.

കൂടാതെ സി.പി.സി.സി.ആർ.ഐ. വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ കോയമ്പത്തൂർ സ്പിക്ക് അഗ്രോ ബയോടെക്, മധുരൈ അഗ്രോ ബയോടെക് തുടങ്ങിയ കമ്പനികൾക്ക് കൈമാറുന്നതിന്റെ ധാരണാപത്രം ഒപ്പിടൽ, മുതിർന്ന കർഷകരെ ആദരിക്കൽ, തെങ്ങിന്റെ ശാസ്ത്രീയ വിളപരിപാലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ മലയാളം-കന്നട പുസ്തകം, കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ 25 വർഷമായുള്ള പ്രവർത്തനങ്ങൾ വിവരിക്കുന്ന പുസ്തകം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം, സി.പി.സി.ആർ.ഐ. ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങൾ പുറത്തിറക്കൽ തുടങ്ങിയ പരിപാടികളും നടക്കും.



കാർഷികപ്രദർശനത്തിനൊരുക്കുന്ന സ്ഥലത്തെ തെങ്ങുകളിൽനിന്ന് പറിച്ചെടുത്ത തേങ്ങകൾ സി.പി.സി.ആർ.ഐ. ഉദ്യോഗസ്ഥർ ശേഖരിക്കുന്നു

### കർഷകർക്കൊരു വഴികാട്ടി

തെങ്ങ്, കവുങ്ങ്, കൊക്കോ എന്നീ വിളകളെക്കുറിച്ചുള്ള ഗവേഷണത്തിനായി 1970 ജനുവരിയിലാണ് സി.പി.സി.ആർ.ഐ. സ്ഥാപിതമായത്. തുടക്കം മുതൽ കർഷകസമൂഹത്തിന് ഏറെ ഉപകാരപ്പെടുന്നതും അനുകരണീയമായതുമായ ഗവേഷണമികവ് പുലർത്തിയിരുന്ന ഈ സ്ഥാപനം കാർഷികവിളകൾക്ക് അനുയോജ്യമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ച് മാനവ വിഭവ ശേഷി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിനു സഹായിച്ച് കർഷകർക്ക് ഒരു വഴികാട്ടിയായാണ് പ്രവർത്തിക്കുന്നത്. സ്ഥാപകദിനാഘോഷത്തിന്റെ ഭാഗമായി നടത്തുന്ന പരിപാടിയിൽ കർഷകർ, കാർഷികസംരഭകർ, സ്വയംസഹായ സംഘങ്ങൾ, വ്യവസായികൾ തുടങ്ങി കാർഷികമേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും ഒരു വേദിയിൽ കൊണ്ടുവരിക എന്നതും സംഘാടകർ ലക്ഷ്യമിടുന്നുണ്ട്.

### വാങ്ങാം വിത്തും വളവും ഉപകരണങ്ങളും

കാർഷിക പ്രദർശനത്തിനു നൂറ്റിനാൽപതോളം സ്റ്റാളുകളാണ് തയ്യാറാക്കിയിരിക്കുന്നത്.

കോഴിക്കോട് സുഗന്ധവ്യഞ്ജന ഗവേഷണ കേന്ദ്രം, കൊച്ചി സമുദ്ര മത്സ്യഗവേഷണ സ്ഥാപനം, തിരുവനന്തപുരം കേന്ദ്ര കിഴങ്ങുവർഗ ഗവേഷണകേന്ദ്രം, പുത്തൂർ കശുമാവ് ഗവേഷണകേന്ദ്രം, ആന്ധ്രപ്രദേശ് എണ്ണപ്പന ഗവേഷണ കേന്ദ്രം തുടങ്ങിയ ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളുടെയും സംരംഭകരുടെയും സ്റ്റാളുകളാണ് കാർഷിക പ്രദർശന-വിപണനമേളയിലുണ്ടാവുക.

നടീൽവസ്തുക്കൾ, പുത്തൻ സാങ്കേതിക വിദ്യയുപയോഗിച്ച് അത്യുത്പാദനശേഷിയുള്ള തൈകൾ, വിത്തുകൾ, കാർഷിക-യന്ത്രോപകരണങ്ങൾ, കീടനാശിനികൾ, വളങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളാണ് ഇവിടെ നിന്ന് ലഭിക്കുക. രാവിലെ 10 മുതൽ രാത്രി 7.30 വരെ സൗജന്യമായാണ് പ്രവേശനം.